# സീനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ്

**കൊല്ലം**

ജില്ലാ സീനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ് തിങ്കളാഴ്ച നടക്കും. www.throwballkerala.com എന്ന വെബ് സൈറ്റിലൂടെ എല്ലാ രജിസ്ട്രേഷൻസും പൂർത്തിയാക്കണം. ഫോൺ 9539480991.

ദേശാഭിമാനി 19-11-2023 ഞായർ

# ജില്ലാ സീനിയർ ത്രോബാൾ ചാമ്പ്യൻഷിപ്

കൊല്ലം ▶ജില്ലാ സീനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ് തിങ്കളാഴ്ച ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ മൈതാനിയിൽ നടക്കും. www.throwballkerala.com എന്ന വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കണം. ഫോൺ: 95394 80991.

മാതൃഭൂമി
19-11-2023
ഞായർ

# സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ കടയ്ക്കൽ ഹൈഫ്ലയേഴ്സിന് കിരീടം



ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് വിജയികൾ

**കരുനാഗപ്പള്ളി**

കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടന്ന ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വനിതാ വിഭാഗത്തിൽ കടയ്ക്കൽ ഹൈഫ്ലയേഴ്സ് ചാമ്പ്യന്മാരായി. പുരുഷ വിഭാഗത്തിൽ ബോയ്സ് കരുനാഗപ്പള്ളി രണ്ടാംസ്ഥാനവും മൂന്നാംസ്ഥാനം ഡിയാഗോ സ്പോർട്സ് ക്ലബ്ബും വനിതാ വിഭാഗത്തിൽ ന്യൂ വേൾഡ് കരുനാഗപ്പള്ളി രണ്ടാം സ്ഥാനവും ഡിയാഗോ സ്പോർട്സ് ക്ലബ് മൂന്നാം സ്ഥാനവും സ്വന്തമാക്കി.

വിജയികൾക്ക് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ വി രാജൻപിള്ള ട്രോഫി കൈമാറി. പ്രിൻസിപ്പൽ വീണാറാണി, ലക്ഷ്മിദേവി, ജെ പി ജയലാൽ, ഷിഹാബ് എസ് പൈനുംമൂട്, താഹ, നൗഫിൻ ബി, ജില്ലാ അസോസിയേഷൻ പ്രസിഡന്റ് സാബുജാൻ എന്നിവർ സംസാരിച്ചു.